# ഡോ.ജോഷ്വാ മാർ നിക്കോദീമോസിന്റെ പീഢാനുഭവവാര ശുശ്രൂഷകൾ

റാന്നി : നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത നിലയ്ക്കൽ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ പീഢാനുഭവവാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നു. ഓശാന അയിരൂർ മതാപ്പാറ സെന്റ് തോമസ് വലിയപള്ളിയിലും പെസഹ വടശ്ശേരിക്കര വി.മർത്തമറിയം തീർത്ഥാടനപള്ളിയിലും കാൽകഴുകൽ ശുശ്രൂഷ തോട്ടമൺ സെന്റ് തോമസ് കത്തീഡ്രലിലും ദുഃഖവെള്ളി, ഉയിർപ്പ് ശുശ്രൂഷകൾ കാട്ടൂർ സെന്റ് മേരീസ് വലിയപള്ളിയിലും ദുഃഖശനി കനകപ്പലം സെന്റ് ജോർജ്ജ് വലിയപള്ളിയിലുമാണ് നിർവ്വഹിക്കുന്നത്. നിലയ്ക്കൽ ഭദ്രാസനം രൂപീകരിക്കപ്പെട്ടതിനു ശേഷം ആദ്യമായിട്ടാണ് മെത്രാപ്പോലീത്ത ഭദ്രാസനത്തിൽ ഹാശാ ആഴ്ച ശുശ്രൂഷകൾ നടത്തുന്നത്.